(ബി) ഉണ്ട്. സംസ്ഥാന സർക്കാരിനുവേണ്ടി ഡിജിറ്റൽ മാപ്പും ഡേറ്റായും തയ്യാറാക്കുകയും അതിനാവശ്യമായ സോഫ്റ്റ്വെയറും ഡേറ്റാബേസും വികസിപ്പിച്ച് റോഡുകളുടെ ഏറ്റവും ഒടുവിലത്തെ വിവരങ്ങൾ ചേർക്കുന്നതിനുമുള്ള നടപടികൾ ഈ പ്രോജക്ടിൽ ചെയ്യുന്നു. ഇപ്രകാരം വികസിപ്പിക്കുന്ന സിസ്റ്റം കേരളത്തിലെ പി.ഡബ്ല്യൂ.ഡി. ഡിവിഷൻ ഓഫീസുകളിലും ചീഫ് എഞ്ചിനീയർ ഓഫീസിലും സ്ഥാപിക്കുന്നതാണ്.

(സി) ഉണ്ട്. GIS പദ്ധതിയിൽപ്പെടുത്തി ഭൂപടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഉപഗ്രഹ ചിത്രങ്ങൾ ലാൻഡ് സർവ്വേ ഭൂപടവുമായി സംയോജിച്ച് കേരളത്തിലെ റോഡുകളുടെ ഭൂപടം നിർമ്മിക്കുന്ന പണിയാണ് ഇപ്പോൾ നടന്നുവരുന്നത്. ഇത് 50% പൂർത്തിയായി.

(ഡി) ഭൂപട നിർമ്മാണത്തിന്റെ ചുമതല വിൽബർസ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിനായി 3 കോടി 27 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഒരു കുട്ടിപോലും ചേരാതിരുന്ന ഗവൺമെന്റ് സ്കൂളുകൾ

*12 [434] *ശ്രീ. വർക്കല കഹാർ:*

„ *കെ. മോഹൻകുമാർ:*

„ *ജോർജ് ജെ. മാത്യു:*

„ *കെ. എ. ചന്ദ്രൻ:*

„ *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഒന്നാം ക്ലാസ്സിൽ ഒരു കുട്ടിപോലും ചേരാതിരുന്ന ഏതെങ്കിലും ഗവൺമെന്റ് സ്കൂളുകളുണ്ടോ; എങ്കിൽ അത് ഏതെന്ന് പറയുമോ;

(ബി) ഈ സ്കൂളിന്റെ സമീപത്ത് ഒരു കിലോമീറ്ററിനുള്ളിൽ എയ്ഡഡ് സ്കൂളുകളോ, അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളോ, അംഗീകാരമില്ലാത്ത സ്കൂളുകളോ, സി.ബി.എസ്.ഇ. സ്കൂളുകളോ നിലവിൽ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) ഗവൺമെന്റ് സ്കൂളിൽ ഒറ്റ കുട്ടിപോലും ചേരാതിരിക്കുവാനുള്ള സാഹചര്യമെന്ത് എന്നു വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്. അവയുടെ പേര് താഴെ കൊടുക്കുന്നു:

1. ഗവൺമെന്റ് എൽ.പി.എസ്., കാണിയക്കാട് (എ.ഇ.ഒ. പാലാ, കോട്ടയം)
2. ഗവൺമെന്റ് എൽ.പി.എസ്. കല്ലൂർക്കാട് (എ.ഇ.ഒ. കല്ലൂർക്കാട്, എറണാകുളം)

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) 2004-2005-ൽ കാണിയക്കാട് ഗവൺമെന്റ് എൽ.പി.എസിൽ ആകെ 6 കുട്ടികളും (1 മുതൽ 4 വരെ) കല്ലൂർക്കാട്ട് ഗവൺമെന്റ് എൽ.പി.എസിൽ ആകെ 5 കുട്ടികളും (1 മുതൽ 4 വരെ) മാത്രമാണ് ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിൽ 2005-2006-ൽ സ്കൂൾ പൂട്ടിപ്പോകും എന്നുള്ള രക്ഷിതാക്കളുടെ ആശങ്കയാണ് ഈ വർഷം ഒരു കുട്ടിപോലും സ്കൂളിൽ ചേരാതിരിക്കാൻ കാരണം. കാണിയക്കാട് ഗവൺമെന്റ് എൽ.പി.എസിൽനിന്നും രണ്ടു കിലോമീറ്റർ അകലത്തിൽ സെന്റ് മേരീസ് എൽ.പി.എസ്. എന്ന എയ്ഡഡ് സ്കൂളും, കല്ലൂർക്കാട് ഗവൺമെന്റ് എൽ.പി.എസിൽ നിന്നും രണ്ടര കിലോമീറ്റർ അകലത്തിൽ എയ്ഡഡ് സ്ഥാപനമായ സെന്റ് അഗസ്റ്റിൻ എൽ.പി.എസും പ്രവർത്തിക്കുന്നതിനാൽ ഈ പ്രദേശങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യം നിറവേറ്റപ്പെടുന്നുണ്ട്.

ആദിവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി

*13 [435] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:*

„ *കെ. പി. രാജേന്ദ്രൻ:*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വിവിധ പ്രദേശങ്ങളിലായി ആദിവാസികൾ കൊലചെയ്യപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിഗൂഢവും സംശയാസ്പദവുമായ സാഹചര്യങ്ങളിൽ നിരവധി ആദിവാസി യുവതികൾ കൊലചെയ്യപ്പെട്ടത് കണക്കിലെടുത്ത് ഇവരുടെ ജീവന് സംരക്ഷണം നൽകാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഇവരെ സഹായിക്കാനുമായി സന്നദ്ധസംഘടനകളെയും വാളണ്ടിയർമാരെയും ചുമതലപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) 2005 ജനുവരി 1 മുതൽ ജൂലായ് 25 വരെ അട്ടപ്പാടി മേഖലയിൽ 3 ആദിവാസികൾ കൊലചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ആദിവാസി മേഖലയിൽ നിഗൂഢവും സംശയാസ്പദവുമായ സാഹചര്യങ്ങളിൽ നാളിതുവരെ ആദിവാസി യുവതികൾ കൊലചെയ്യപ്പെട്ടിട്ടില്ല. അട്ടപ്പാടി മേഖലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന അസ്വാഭാവിക മരണ കേസുകൾ എല്ലാംതന്നെ വളരെ കാര്യക്ഷമമായി പോലീസ് അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly